DESPATCHED
On. 16/12/21..



30/11/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP No.1(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.238/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷംസു റ്റി.കെ.,
തച്ചൻതുരുത്തിൽ ഹൗസ്,
കാമ്പിള്ളി റോഡ്, മുപ്പത്തടം പി.ഒ.,
ആലുവ, എറണാകുളം-683110 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം

2. അപ്പീൽ അധികാരി &
അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി),
സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 27.07.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.09.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.10.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21.01.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 03.02.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021 & എറണാകുളം ഗസ്റ്റ് ഹൗസ് |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷംസു റ്റി.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടി നിരുത്തരവാദപരവും ശരിയായ വിവരങ്ങൾ നൽകാതെയുമാണെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും നിരുത്തരവാദപരമായ മറുപടിയാണ് ലഭ്യമാക്കിയതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 27.07.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, സഹകരണസംഘം രജിസ്ട്രാറുടെ 16.05.2020 ലെ സി.പി(2) 2610/2020 യു.ഒ. നോട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും, 21.05.2020 ൽ ഇ.216 മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിൽ ഇൻസ്പെക്ഷൻ നടത്തിയ ഇൻസ്പെക്ഷൻ സെൽ-I ലെ ഉദ്യോഗസ്ഥരുടെ പേരുകളും ഔദ്യോഗിക വിലാസങ്ങളും റാങ്കും അറിയിക്കണമെന്നും മറ്റുമായി 12 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 18.08.2020 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാലും പൂർണ്ണമായി വിവരങ്ങൾ നൽകിയതായി കാണുന്നില്ല. ആയതിനാൽ ഹർജിക്കാരൻ 01.09.2020 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിന്മേൽ രണ്ടാം എതിർകക്ഷി 06.10.2020 ൽ അപ്പീൽ തീർപ്പാക്കിയതിൽ ഒന്നാം എതിർകക്ഷിയെ അനുകൂലിച്ചുകൊണ്ടുള്ള മറുപടി നൽകിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 03.02.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, എറണാകുളം ജില്ലയിലെ മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഇൻസ്പെക്ഷൻ നടത്തുന്നതിന് ഇൻസ്പെക്ഷൻ സെൽ–1 ലെ ഉദ്യോഗസ്ഥനും ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ ജോലി ചെയ്തിരുന്നതുമായ ശ്രീ. അജിത് കുമാർ എന്ന വ്യക്തിയെ മാത്രമാണ് അന്വേഷണത്തിനായി നിയോഗിച്ചിരുന്നതെന്നും മറ്റ് രണ്ട് ഉദ്യോഗസ്ഥരെ കുറിച്ചുള്ള വിവരം അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്നും ടി ആഫീസിൽ നിന്നും മറ്റ് ഉദ്യോഗസ്ഥരെ ആരേയും നിയോഗിച്ചിട്ടില്ലാത്തതിനാലുമാണ് അപ്രകാരം ടിയാന് മറുപടി നൽകിയതെന്നും മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിന്റെ ഔദ്യോഗിക രേഖകൾ ടി ആഫീസിൽ ലഭ്യമല്ലെന്നും ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ 9017/2013 ലെ വിധി പ്രകാരം സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. എങ്കിലും പൂർണ്ണമായി വിവരങ്ങൾ നൽകിയതായി കാണുന്നില്ല. ഹർജിക്കാരൻ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്മേൽ അപ്പീൽ അധികാരി അറിയിച്ചത്, ടി ആഫീസിൽ ലഭ്യമായ വിവരങ്ങൾ വിവരാവകാശ നിയമം അനുശാസിക്കുന്നതും വ്യക്തമായിട്ടുള്ളതുമായ വിവരങ്ങൾ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിട്ടുണ്ടെന്നാണ്. ഹിയറിംഗിൽ പങ്കെടുത്ത ഹർജികക്ഷി മൊഴി നൽകിയത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലഭ്യമായില്ലെന്നാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് വേളയിൽ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് ഹർജികക്ഷി ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങളിൽ ഇനി ലഭ്യമാകാനുള്ള വിവരങ്ങൾ ഒന്നുകൂടി വ്യക്തമായി കമ്മീഷനിൽ സമർപ്പിച്ചു. ടി കത്തിൽ നിന്നും വ്യക്തമാകുന്നത് ഹർജികക്ഷി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച 27.07.2020 ലെ വിവരാവകാശ അപേക്ഷയിലെ ക്രമനമ്പർ 2,4,7 എന്നീ

ചോദ്യങ്ങൾക്കാണ് ഇനിയും വിവരങ്ങൾ ആവശ്യമുള്ളതെന്നാണ്. ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 2,4,7 എന്നീ ചോദ്യങ്ങൾക്ക് ഒന്നാം എതിർകക്ഷി 18.08.2020 ൽ മറുപടി നൽകിയതായി കമ്മീഷൻ കാണുന്നു. ടിയാൻ വീണ്ടും ഇതേ ചോദ്യങ്ങൾ ആവശ്യപ്പെട്ട സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി മേൽപ്രസ്താവിച്ച ചോദ്യങ്ങൾ ഒന്നുകൂടി കൃത്യമായി പരിശോധിച്ച് ആയതിന് വ്യക്തമായ വിവരം ഈ ഉത്തരവ് ലഭിച്ച് 7 ദിവസങ്ങൾക്കകം ഹർജികക്ഷിക്ക് അയച്ചു നൽകേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്തവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ. എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp